<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 16/07/2012-ൽ മറുപടി |
| ചോദ്യം നം: 7228 | നല്കേണ്ടിയിരുന്നത് |

<u>1-6-2006 മുതൽ 30-6-2012 വരെ ഒഴിപ്പിച്ച അനധികൃത ഭൂമികുടിയേറ്റങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ.അടൂർ പ്രകാശ് (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 1/6/2006 മുതൽ 30/6/2012 വരെ എത്ര അനധികൃത ഭൂമികുടിയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്; ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് 01/06/2006 മുതൽ 30/06/2012 വരെ ജില്ലകളിൽ ഒഴിപ്പിച്ചിട്ടുള്ള കുടിയേറ്റം/കൈയേറ്റക്കാരെ ഒഴിപ്പിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഒഴിപ്പിച്ചെടുത്ത ഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (ബി) സർക്കാർ ഭൂമി കൈയേറുന്നവർക്ക് ഉയർന്ന ശിക്ഷ നല്കുന്നതിന് 2009 ൽ ഭൂസംരക്ഷണ നിയമത്തിൽ കാതലായ മാറ്റം വരുത്തിയതിൻ പ്രകാരം ഇപ്പോൾ ഭൂമി കൈയേറുന്നവർക്കും ആയതിന് സഹായിക്കുന്നവർക്കും 3 വർഷം മുതൽ 5 വർഷം വരെ തടവ് ശിക്ഷയും 5000 മുതൽ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും നല്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 0.20.23 ഹെക്ടർ (50 സെന്റിൽ) വിസ്തീർണ്ണത്തിൽ കൂടുതലുള്ള സർക്കാർ ഭൂമി ജണ്ട ഇട്ട് സംരക്ഷിക്കുവാനുള്ള നടപടി ഇടുക്കി ജില്ലയിൽ ബഹു: റവന്യൂ വകുപ്പ് മന്ത്രി തുടക്കം കുറിച്ചിട്ടുള്ളതാണ്. സർക്കാർ ഭൂമിയിലെ കൈയേറ്റം തടയുന്നതിനും കാര്യക്ഷമമായി സംരക്ഷിക്കുന്നതിനും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് (PLPF) രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ടി ഫോഴ്സിനെ വിന്യസിച്ചിരിക്കുകയാണ്.<br>പൊതുജനങ്ങളുടെ സഹായത്തോടുകൂടി സർക്കാർ ഭൂമി സംരക്ഷണം ഉറപ്പാക്കുന്നതിന് ഭൂമി സംബന്ധമായ മുഴുവൻ വിവരങ്ങളും എല്ലാ ജനങ്ങൾക്കും |

ലഭ്യമാകുക എന്ന ലക്ഷ്യത്തോട് കൂടിയും റവന്യൂ വകുപ്പിന് കീഴിലുള്ള സർക്കാർ ഭൂമിയുടെ ഫോട്ടോ, സ്കെച്ച് മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ ശേഖരിച്ച് www.kslb.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ജില്ലകളിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റം ഉണ്ടാകാതിരിക്കുവാൻ ആയത് വില്ലേജ് ഓഫീസർമാരുടെ നിരീക്ഷണത്തിലുമാണ്. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള സർക്കാർ ഭൂമിയുടെ വിശദാംശം ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടികൾ നടന്നുവരികയാണ്.

കൂടാതെ സർക്കാർ ഭൂമിയിലെ കൈയേറ്റം പൊതുജനങ്ങളുടെ സഹായത്തോടുകൂടി അപ്പപ്പോൾ നിയന്ത്രിക്കുന്നതിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള IVRS സംവിധാനം ടോൾഫ്രീ നമ്പരായ 18004255255 എന്ന നമ്പരിൽ ഏർപ്പെടുത്താൻ നിലവിൽ സന്നദ്ധമാണ്.

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത ഭൂമി ആർക്കെങ്കിലും വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി; ആർക്കെല്ലാം നൽകുകയുണ്ടായി?

(സി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത ഭൂമി ആർക്കും വിതരണം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | : | ജില്ലയിൽ 333 അനധികൃത കൈയേറ്റങ്ങളിൽ 56.71.37 ഹെക്ടർ ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. |
| 2 | കൊല്ലം | : | ജില്ലയിൽ ആകെ 674 എണ്ണം അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. |
| 3 | പത്തനംതിട്ട | : | 203 കേസുകളിലായി 03.23.56 ഹെക്ടർ അനധികൃത കൈയേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| 4 | ആലപ്പുഴ | : | ആലപ്പുഴ ജില്ലയിൽ 59 അനധികൃത കൈയേറ്റങ്ങളിൽ നിന്നായി 2.31 ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. |
| 5 | കോട്ടയം | : | 537 ഭൂമി കൈയേറ്റങ്ങളിറായി 121.64.08 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. |
| 6 | ഇടുക്കി | : | ജില്ലയിൽ 126 അനധികൃത കൈയേറ്റങ്ങളിൽ നിന്നായി 5723.42.32 ഹെക്ടർ സർക്കാർ ഭൂമി കൈയേറ്റം ഒഴിപ്പിച്ച് ഏറ്റെടുത്തിട്ടുണ്ട്. |
| 7 | എറണാകുളം | : | റിപ്പോർട്ട് പ്രകാരം അഞ്ചു കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. |
| 8 | തൃശ്ശൂർ | : | തൃശ്ശൂർ ജില്ലയിൽ 14.6327 ഹെക്ടർ അനധികൃത ഭൂമി കൈയേറ്റം ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. (280 കൈയേറ്റങ്ങളിൽ നിന്നായി) |
| 9 | പാലക്കാട് | : | പാലക്കാട് ജില്ലയിൽ 1626 ഭൂമി കൈയേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. 43.9338 ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. |
| 10 | മലപ്പുറം | : | മലപ്പുറം ജില്ലയിൽ 574 അനധികൃത കടിയേറ്റം ഒഴിപ്പിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 11 | കോഴിക്കോട് | : | ജില്ലയിൽ 433 ഭൂമി കടിയേറ്റങ്ങളിലായി 17.05 ഹെക്ടർ ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്. |
| 12 | കണ്ണൂർ | : | 97 കൈയേറ്റങ്ങൾ കണ്ണൂർ ജില്ലയിൽ ഒഴിപ്പിച്ചിട്ടുണ്ട്. |
| 13 | വയനാട് | : | വയനാട് ജില്ലയിൽ 77 കേസുകളിലായി 269.790 ഹെക്ടർ കൈയേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തിട്ടുണ്ട്. |
| 14 | കാസർഗോഡ് | : | കാസർഗോഡ് ജില്ലയിൽ 199 കയ്യേറ്റങ്ങളാണ് ഒഴിപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ